കേരള നിയമസഭാനടവടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 മാർച്ച് 28, ബുധൻ

വാല്യം XLVII] ഔദ്യോഗികറിപ്പോർട്ട് [നമ്പർ 29

നിയമസഭ 1979 മാർച്ച് 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

1. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

അംഗഭംഗം സംഭവിച്ച ജവാൻമാരുടെ ആശ്രിതർക്ക് സർവ്വീസിൽ പ്രത്യേക പരിഗണന നൽകാൻ നടപടി

*637 [694] ശ്രീ. എസ്. തങ്കപ്പൻപിള്ള:

,, ജി. പി. മംഗലത്തുമഠം:

,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:

,, കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിലിട്ടറി സർവ്വീസിലിരിക്കെ അപകടങ്ങളിൽപെട്ട് അംഗഭംഗം സംഭവിച്ചിട്ടുള്ള ജവാൻമാർക്ക് സംസ്ഥാന സർവ്വീസിൽ പ്രത്യേക പരിഗണന നൽകി ജോലി നൽകുന്നുണ്ടോ ;

(ബി) ഇപ്രകാരം അപകടം സംഭവിച്ച് പരസഹായം കൂടാതെ നടക്കാൻപോലും കഴിയാത്ത ജവാൻമാരുടെ ആശ്രിതർക്ക് ആർക്കെങ്കിലും സംസ്ഥാന സർവ്വീസിൽ ജോലി നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇവരുടെ കാര്യം ഗവൺമെന്റ് ദയാപൂർവ്വം പരിഗണിക്കുമോ ;

(ഡി) ഇപ്രകാരം സംഭവിച്ചിട്ടുള്ള ജവാൻമാരുടെ ആശ്രിതർക്ക് ജോലി നൽകണമെന്നുകാണിച്ച് ഏതെങ്കിലും അപേക്ഷകൾ ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ):

(എ, ബി) ഇല്ല. എന്നാൽ 1962-ലെ 'ഇൻഡ്യാ-ചൈന യുദ്ധത്തിലോ 1965-1971-ലെ ഇൻഡ്യാ-പാക് യുദ്ധത്തിലോ അംഗഭംഗം സംഭവിച്ച ജവാൻമാർക്കും ഈ യുദ്ധങ്ങളിൽ മരിക്കുകയോ സ്ഥിരമായി അംഗഭംഗം സംഭവിക്കുകയോ കാണാതാവുകയോ ചെയ്തിട്ടുള്ള ജവാൻമാരുടെ ആശ്രിതർക്കും യുദ്ധരംഗത്തെ ഓപ്പറേഷൻ ഏരിയായിൽ കിടങ്ങ് തകർച്ച പോലുള്ള അപകടങ്ങളിൽപ്പെട്ട് മരിക്കുന്ന ജവാൻമാരുടെ ആശ്രിതർക്കും 1973-ൽ ഉത്തരപ്രദേശിലെ രാംനഗറിൽ നടന്ന പോലീസ് വെടിവെപ്പിൽ മരിക്കുകയോ അംഗഭംഗം സംഭവിക്കുകയോ ചെയ്തിട്ടുള്ള ജവാൻമാരുടെ ആശ്രിതർക്കും പൊതുനിയമന തത്വങ്ങൾക്കനുവരുത്തി സംസ്ഥാനഗവൺമെന്റ് സർവ്വീസിൽ ജോലി നൽകുന്നുണ്ട്.

(സി) സംസ്ഥാനത്ത് തൊഴിലില്ലായ്മ വളരെ ഗുരുതരമായിരിക്കുന്നതിനാൽ ഇത് വളരെ വിശദമായി പരിശോധിക്കേണ്ട കാര്യമാണ്.

(ഡി) ഈ അടുത്തകാലത്ത് ലഭിച്ചതായി കാണുന്നില്ല.

(ഇ) പ്രോദ്യം ഉദിക്കുന്നില്ല.

ശ്രീ. എസ്. തങ്കപ്പൻപിള്ള: സർവ്വീസിലിരിക്കേ യുദ്ധസമയങ്ങളിലല്ലാതെയുള്ള കാലഘട്ടങ്ങളിലും അംഗഭംഗം സംഭവിച്ചിട്ടുള്ള ജവാൻമാരെ സർവ്വീസിൽ എടുക്കുന്നതിന് മുൻഗണന കൊടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഞാൻ ഈ ചോദ്യത്തിന് ഉത്തരം പറഞ്ഞതാണ്. പൊതുവിൽ ഇങ്ങനെ ഒരു പരിഗണന എന്നുള്ളതല്ല ഇപ്പോഴില്ല. എന്നാൽ ചില പ്രത്യേക യുദ്ധങ്ങളിൽ പങ്കെടുത്ത് അംഗഭംഗം വന്നവർക്ക്, അവരുടെ ആശ്രിതർക്ക്, മരിച്ചവരുടെ ആശ്രിതർക്ക് ഒക്കെ നമ്മുടെ നിലവിലിരിക്കുന്ന പി. എസ്. സി. റൂൾസിനുപരിയായി, അതൊന്നും പരിഗണിക്കാതെ തന്നെ മുൻഗണന കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എസ്. തങ്കപ്പൻപിള്ള: അംഗഭംഗം സംഭവിച്ച് സർവ്വീസിൽ തുടരാൻ കഴിയാതെ തിരിച്ചുവരുന്ന ജവാൻമാരുടെ സന്തതികൾക്കോ, ഭാര്യമാർക്കോ എന്തെങ്കിലും ആനുകൂല്യം ചെയ്തുകൊടുക്കാൻ തയ്യാറാകുമോ? അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള ആനുകൂല്യമെങ്കിലും ചെയ്തുകൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പരിമിതമായ വിദ്യാഭ്യാസസൗജന്യം ഇപ്പോൾ ഇങ്ങനെയുള്ള ജവാൻമാരുടെ കുട്ടികൾക്ക് നൽകുന്നുണ്ട്, അത് കൂടുതൽ ഉദാരമാക്കുന്നകാര്യം നമുക്ക് ആലോചിക്കാവുന്നതാണ്.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: യാതനകളും ക്ലേശങ്ങളും അനുഭവിച്ച് സേവനമനുഷ്ഠിച്ച ജവാൻമാർക്ക് അംഗഭംഗം സംഭവിച്ചാൽ അവരെ വഴിയാധാരമാക്കാതെ അവർക്ക് സംരക്ഷണം കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ: പൊതുവിൽ എക്സ്സർവ്വീസുകാർക്ക് ചില ആനുകൂല്യങ്ങളൊക്കെ നമ്മൾ കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്. അംഗഭംഗം സംഭവിച്ചവർക്ക് എന്തൊക്കെയാണ് കൂടുതൽ ചെയ്യാൻ കഴിയുകയെന്നുള്ളതിനെക്കുറിച്ച്—വളരെ അനുകമ്പ അർഹിക്കുന്നവരാണ്, ചെയ്യേണ്ടകാര്യമാണ്—ആലോചിക്കാം.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: കഴിഞ്ഞ യുദ്ധകാലത്ത് ജവാൻമാർക്ക് പ്രത്യേക പരിഗണന കൊടുക്കണമെന്ന് കേന്ദ്രഗവൺമെന്റ് ഉത്തരവുണ്ടായിരുന്നു. ആ ഉത്തരവ് ഇന്ന് നിലവിലുണ്ടോ; അതിൽ സംസ്ഥാന ഗവൺമെന്റ് വല്ല മാറ്റവും വരുത്തിയോ; ഇല്ലെങ്കിൽ ആ ഉത്തരവനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: 65-ലെയും 71-ലേയും യുദ്ധങ്ങളിലൊക്കെ പങ്കെടുത്തവർക്ക് നിയമനങ്ങളിൽ മുൻഗണന കൊടുക്കണമെന്ന് ഒരു ഉത്തരവുണ്ട്. അത് ഞാൻ വിവരിച്ച് പറഞ്ഞിട്ടുണ്ട്.

ശ്രീ. കല്ലട നാരായണൻ: എ., ബി. ചോദ്യങ്ങൾക്ക് ഇല്ലാ എന്നാണ് മറുപടി പറഞ്ഞത്. ഇതെ രു മാനുഷിക പ്രശ്നമെന്നുള്ളനിലയിൽ ഇത്തരം കേസുകൾ ശ്രദ്ധയിൽപെടുത്തിയാൽ ജോലി നൽകുന്ന കാര്യവും മറ്റ് കാര്യങ്ങളും പരിശോധിച്ച് അനുകൂലമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: നിലവിലിരിക്കുന്ന നിയമത്തിന് വിധേയമായി അർഹതയുള്ള ഏതെങ്കിലും കേസുകളിൽ അങ്ങനെ കിട്ടുന്നില്ലെന്ന് ശ്രദ്ധയിൽപെടുത്തിയാൽ തീർച്ചയായും ചെയ്യാം.

ശ്രീ. കെ. സി. വാമദേവൻ: ഇവർക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശപ്രകാരമുള്ളതാണോ; അതിൽ എന്തെങ്കിലും ഭേദഗതി സംസ്ഥാന ഗവൺമെന്റ് വരുത്തിയിട്ടുണ്ടോ; മറ്റ് സംസ്ഥാനങ്ങളിൽ ഏതിലെങ്കിലും ഇതിനേക്കാൾ മെച്ചപ്പെട്ട ആനുകൂല്യം കൊടുക്കുന്നുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: നമ്മൾ ഇവിടെ ചെയ്തിട്ടുള്ളത് കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശപ്രകാരമാണ്. പ്രത്യേകമായ മാറ്റം വരുത്തിയിട്ടില്ല.

ശ്രീ. കെ. പി. നൂറുദ്ദീൻ: യുദ്ധത്തിൽ പങ്കെടുത്ത് വിഷമിക്കുന്നവർക്ക് നിയമനത്തിൽ മുൻഗണന നൽകുന്നുണ്ടെന്ന് പറഞ്ഞു. പരിമിതമായ എണ്ണം മാത്രമേ ആ രീതിയിലും നേടിയെടുക്കാൻ കഴിയുന്നുള്ളു എന്നുള്ളതുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിലും ഇത് ബാധകമാക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇപ്പോൾ തന്നെ ഇത് പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാണ്.

ശ്രീ. വി. ഈച്ചരൻ: നമ്മുടെ സ്റ്റേറ്റിലെ എസ്. എസ്. എ. ബോർഡിന്റെ കീഴിൽ ഇത്തരം വല്ല പ്രവർത്തനവും നടക്കുന്നുണ്ടോ? പിരിഞ്ഞുവന്ന ജവാൻമാർക്കും അവരുടെ കുടുംബത്തിനുംവേണ്ടി വല്ല സഹായവും അതുവഴി ലഭിക്കാൻ സാദ്ധ്യതയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ: രാജ്യസൈനിക ബോർഡ് പല പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്, ഇതുപോലെ അംഗഭംഗം വന്നവർക്ക് പല പരിപാടികളും അവർ ആസൂത്രണം ചെയ്യുന്നുണ്ട്. അതിന്റെ വിശദാംശം ഇപ്പോൾ എന്റെകൈവശമില്ല. അവരുടെ ശുപാർശയും നിർദ്ദേശവുമനുസരിച്ചാണ് ഇത്തരത്തിലുള്ള ഉദ്യോഗ നിയമനങ്ങളും പോലും ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. കരുണാകരൻ: പരിമിതമായ വിദ്യാഭ്യാസ സൗകര്യമെന്ന് പറഞ്ഞു. ഈ സൗകര്യം എത്രുവരെയുണ്ട്. സെക്കൻഡറി വിദ്യാഭ്യാസസൗജന്യത്തിനുപുറമേ കോളേജ് വിദ്യാഭ്യാസ സൗജന്യം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും ഉണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സ്കൂൾ, കോളജ് ഇങ്ങനെ, എല്ലാ നിലവാരത്തിലുമുള്ള വിദ്യാഭ്യാസസൗജന്യം കൊടുക്കുന്നുണ്ട്. എന്റെ ഒർമ്മയിൽനിന്നും കാക്ഷനുവിധേയമായി പറയുകയാണെങ്കിൽ സമർത്ഥരായ കുട്ടികൾക്ക് എന്ന പരിമിതിയുണ്ട്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: ജവാൻമാരുടെ മക്കൾക്ക് ജോലി കൊടുക്കുന്നത് സംബന്ധിച്ച വ്യവസ്ഥയിൽ കുടുംബത്തിന് ഇന്ന വരുമാനത്തിൽ കുറവുള്ളവർക്ക് എന്നുള്ള വ്യവസ്ഥയുണ്ടോ? ഉണ്ടെങ്കിൽ അത് മാറ്റാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: എന്റെ കൈവശം അതുസംബന്ധിച്ച വിവരം ഇപ്പോഴില്ല. അന്വേഷിക്കാം.

ശ്രീ. സി. എ. കുര്യൻ: അംഗഭംഗം സംഭവിച്ച ജവാൻമാർക്ക് സർക്കാർ ജോലികൊടുക്കാൻ പ്രയാസമുള്ളതുകൊണ്ട് അവർക്ക് അഞ്ചേക്കർവീതം ഭൂമി പതിച്ചുകൊടുക്കാൻ ഭൂമി പതിച്ചുകൊടുക്കുന്ന അവസരത്തിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അംഗഭംഗം സംഭവിച്ചവർക്ക് ഭൂമി കൊടുക്കുന്നതാണോ ശരിയായ പരിഹാരമാർഗ്ഗമെന്ന് എനിക്ക് അറിഞ്ഞുകൂടാ. കാരണം അവർ പിന്നെ ആരെയെങ്കിലും ആശ്രയിക്കേണ്ടതായിട്ടുവരും. എക്സ് സർവ്വീസുകാർക്ക് ഭൂമി പതിച്ചുകൊടുക്കുന്ന പദ്ധതിയുണ്ട്. മൂന്ന് കോളനികൾ തന്നെ നല്ലനിലയിൽ കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇവരുടെ കാര്യത്തിലും ഇത് പ്രയോജനപ്പെടുമെങ്കിൽ ആലോചിക്കുവുന്നതാണ്.

ശ്രീ. കെ. ജെ. ചാക്കോ: യുദ്ധരംഗത്തുവച്ചല്ലാതെ പരിശീലന കാലഘട്ടത്തിലും അപകടം സംഭവിക്കുന്നവർക്ക് ആനുകൂല്യം കൊടുക്കാൻ നിയമമുണ്ടോ? ഇല്ലെങ്കിൽ അതുകൂടി ഉണ്ടാക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ആ കാര്യത്തെപ്പറ്റിയുള്ള വിവരം ഇപ്പോൾ എന്റെ കൈവശമില്ല. നോട്ടീസ് വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: എക്സ് സർവ്വീസ്കാർക്ക് പൊതുവേ നൽകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് പരാതിയുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കൂടുതൽ ആനുകൂല്യങ്ങളും നൽകുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അങ്ങനെ ചില പരാതികളും ഗവൺമെന്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം പരാതികളും വരുമ്പോൾ ഈ കാര്യങ്ങളിലെല്ലാം ഗവൺമെന്റ് ആശ്രയിക്കുന്നത് രാജ്യസൈനിക് ബോർഡിന്റെ ശുപാർശയാണ്. ഞങ്ങളും അങ്ങോട്ട് റഫർ ചെയ്യാറുണ്ട്. ഈ കാര്യങ്ങളിൽ കൂടുതൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് അവരുമായി ആലോചിക്കാം.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: മൂന്ന് കോളനികളും ഉണ്ടെന്നു പറഞ്ഞു. ഒരു കോളനി മാനന്തവാടിയിലാണ്. ആ കോളനിയിലെ ജവാൻമാർ സാമ്പത്തികവിഷമതകാരണം സ്ഥലംവിട്ടുപോയി എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അത് ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപ്പോഴാണ് അറിയുന്നത്. അങ്ങനെ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അന്വേഷിച്ച് കഴിയുന്ന നടപടി സ്വീകരിക്കാം.

ശ്രീ. ആർ. എസ്. ഉണ്ണി: ബോർഡിന്റെ ശുപാർശകളും തന്നെ പൂർണ്ണമായി സംസ്ഥാനത്തു നടപ്പാക്കിയിട്ടില്ലെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങളും എക്സ്-സർവ്വീസ്മെന്നു കിട്ടുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു പരിശോധിച്ച് കുറവുകളും നികത്തുന്നതിനു നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സ്വീകരിക്കാവുന്നതാണ്.

ശ്രീ. പി. ശങ്കർ: രണ്ടാംലോകമഹായുദ്ധത്തിൽ പങ്കെടുത്ത ജവാൻമാർക്കാണ് കോളനികളും അനുവദിച്ചിട്ടുള്ളത്. ബത്തേരി, അമ്പലവയൽ മുതലായവ. ഇൻഡ്യാ-പാക് യുദ്ധത്തിലും ഇൻഡ്യാ-ചൈനാ യുദ്ധത്തിലും പങ്കെടുത്തവർക്കു കോളനി കൊടുക്കാൻ നിർദ്ദേശമുണ്ടായിരുന്നത് എന്തായി?

ശ്രീ. പി. കെ. വാസുദേവൻ നായർ: രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്തവർക്കാണ് കോളനികളും ഉണ്ടാക്കിക്കൊടുത്തത്. ഇപ്പോൾ അങ്ങനെയൊരു സ്കീം നിലവിലില്ല.

ശ്രീ. സേവ്യർ അറയ്ക്കൽ: നമ്മുടെ സംസ്ഥാനത്ത് ആകെ എത്ര പേർക്ക് അംഗവൈകല്യം സംഭവിച്ചിട്ടുണ്ടെന്നുള്ളതിന്റെ കണക്കുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇപ്പോൾ കൈവശമില്ല.

LIBRARY ARCHIVES Kerala Legislative Assembly